## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *259 — 18-08-2017 -ൽ മറുപടിക്ക്

### ജില്ലാ ദുരന്തനിവാരണ അതോറിറ്റികളുടെ പ്രവർത്തനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എൽദോ എബ്രഹാം<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ ആർ. രാമചന്ദ്രൻ<br>ശ്രീ ഇ.ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | വലിയ ദുരന്തങ്ങളുണ്ടായാൽ അടിയന്തരമായി പ്രതികരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്നറിയിക്കുമോ; | എ) | സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി, പ്രകൃതി ദുരന്തങ്ങളുടെ അടിയന്തിരഘട്ട മേൽനോട്ട കമ്മിറ്റി (Crisis Management Committee for Natural Hazards), മനുഷ്യ നിർമ്മിത ദുരന്തങ്ങളുടെ അടിയന്തിരഘട്ട മേൽനോട്ട കമ്മിറ്റി (Crisis Management Committee for Anthropogenic Hazards), ക്വാറികളിൽ ഉണ്ടാകുന്ന അപകടങ്ങൾ ലഘൂകരിക്കുന്നതിന് അടിയന്തിരഘട്ട മേൽനോട്ട കമ്മിറ്റി (Crisis Management Committee for Mitigation of Disasters in Mines), സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം, ജില്ല അടിയന്തിരഘട്ട കാര്യാനിർവ്വഹണ കേന്ദ്രങ്ങൾ, വരൾച്ചാ നിരീക്ഷണ സെൽ, ഓരോ ദുരന്ത സാഹചര്യത്തിലും ദുരന്ത തീവ്രതയെ അടിസ്ഥാനപ്പെടുത്തി വിവിധ വകുപ്പുകൾ കൈക്കൊള്ളേണ്ട നടപടികൾ ഉൾക്കൊള്ളിച്ച എമർജൻസി സപ്പോർട്ട്സ് ഫങ്ഷൻസ് പ്ലാനും (Emergency Supports Functions Plan) സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജേഴ്സും (Standard Operating Procedures)ഉം, ദേശീയ ദുരന്ത പ്രതികരണ സേനയുടെ (National Disaster Response Force) പ്രാദേശിക പ്രതികരണ കേന്ദ്രം എന്നിവ പ്രവർത്തിച്ച് വരുന്നു. അംഗ പരിമിതർക്കും, ഭിന്നശേഷിക്കാർക്കും ദുരന്ത പ്രതികരണത്തിൽ പ്രത്യേക പരിശീലനത്തിനായി ഇന്ത്യയിൽ തന്നെ ആദ്യമായി കൈ പുസ്തകം, ബ്രയിൽ ലിപിയിൽ ഉള്ള ബ്രോഷറുകൾ, ആംഗ്യ |

| | | | |
|---|---|---|---|
| | | | ഭാഷയിലുള്ള വീഡിയോ ബ്രോഷറുകൾ എന്നിവ സൃഷ്ടിക്കുകയും, പരിശീലകർക്കുള്ള പരിശീലനം നടത്തുകയും ചെയ്തു.<br>സംസ്ഥാന തലത്തിൽ ദുരന്ത സാഹചര്യങ്ങളുടെ അപഗ്രഥനം, വിവര ശേഖരണം, സാധ്യമായവയുടെ മുന്നറിവ് നൽകൽ, കേന്ദ്ര-സംസ്ഥാന പ്രതികരണ സേനകളുടെ ഏകോപനം എന്നിവ റവന്യൂ-ദുരന്ത നിവാരണ വകുപ്പിന് കീഴിൽ സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം നിർവഹിച്ചു വരുന്നു. ജില്ലാ തലത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രവും പ്രവർത്തിച്ചു വരുന്നു. ഈ സംവിധാനങ്ങൾ 24 മണിക്കൂറും പ്രവർത്തിക്കുന്നു. വയനാട്, ഇടുക്കി, എറണാകുളം എന്നീ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രവും, ദേശീയ സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രവുമായി സാറ്റലൈറ്റ് ഫോൺ വഴി ബന്ധിപ്പിച്ചിട്ടുണ്ട്. |
| ബി) | ദുരന്തം നേരിടുന്നതിനുള്ള പ്രതിരോധ - പ്രതികരണശേഷി വർദ്ധിപ്പിക്കുന്നതിനായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | ബി) | ഉണ്ട്. ദേശീയ തലത്തിൽ തന്നെ പ്രധാനപ്പെട്ട രണ്ട് ശില്പശാലകൾ കേരളത്തിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ നടത്തി. ദേശീയ ജനക്കൂട്ട നിയന്ത്രണ മാനദണ്ഡ പരിഷ്കരണ ശിൽപ്പശാല (11-12 July 2017) കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി കേരളത്തിൽ വച്ച് സംഘടിപ്പിക്കുകയുണ്ടായി. കുഴലീകൃത മണ്ണൊലിപ്പ് (Soil Piping) സംബന്ധിച്ച് കേന്ദ്ര ഭൗമ ശാസ്ത്ര പഠനകേന്ദ്രവും, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ചേർന്ന് ഒരു ദേശീയ ശിൽപ്പശാല 4-5 July 2017 ന് സംഘടിപ്പിച്ചു. ഈ ശിൽപ്പശാലയിൽ 24 സംസ്ഥാനങ്ങളിൽ നിന്നുള്ള വിദഗ്ധർ പങ്കെടുത്തു. ജനപ്രതിനിധികളുടെ ദുരന്ത തയ്യാറെടുപ്പ്-പ്രതിരോധ-പ്രതികരണ ശേഷി വർദ്ധിപ്പിക്കുന്നതിനായി നിയമസഭയിൽ 14-03-2017 നും, മറ്റ് തിരഞ്ഞെടുത്ത കേന്ദ്രങ്ങളിലും അവബോധ പരിപാടികൾ സംഘടിപ്പിച്ചു. ദേശീയ ദുരന്ത പ്രതികരണ സേനയുടെ പങ്കാളിത്തത്തോടെ കേരളത്തിൽ വിവിധ സ്ഥലങ്ങളിൽ മോക്ക് ഡ്രിൽ സംഘടിപ്പിച്ചു. |

| | | | |
|---|---|---|---|
| സി) | ജില്ലാ ദുരന്തനിവാരണ അതോറിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | സി) | ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ ഓരോ ജില്ലയിലും ഒരു സാങ്കേതിക വിദഗ്ധന്റെ സേവനം ലഭ്യമാക്കുന്നതിന് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രത്യേക അനുമതിയും സാമ്പത്തിക സഹായവും ലഭ്യമാക്കി. നിലവിൽ വയനാട്, കോഴിക്കോട്, എറണാകുളം, കൊല്ലം എന്നീ ജില്ലകളിൽ ഓരോ സാങ്കേതിക വിദഗ്ധരും സംസ്ഥാന അതോറിറ്റിയിൽ മൂന്നുപേരും ഈ പദ്ധതി പ്രകാരം സേവനം നൽകി വരുന്നു. മറ്റ് സംസ്ഥാനങ്ങൾക്ക് ചില ജില്ലകളിൽ മാത്രം അനുവദിച്ച ഈ പദ്ധതി കേരളത്തിൽ മാത്രമാണ് എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുവാൻ അനുമതി ലഭിച്ചത്. ഇതിനായി ₹94.4 ലക്ഷം രൂപ ലഭ്യമാക്കി. 2011-17 കാലഘട്ടത്തിൽ ഏകദേശം ₹7.05 കോടി ദുരന്ത തയ്യാറെടുപ്പ് പ്രവർത്തികൾക്കായി മാത്രം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ജില്ല അതോറിറ്റികൾക്ക് നൽകിയിട്ടുണ്ട്. നഗര കേന്ദ്രീകൃത ദുരന്ത പ്രതികരണ ശേഷി വർദ്ധിപ്പിക്കുവാൻ, നഗരസഭകളുടെ ശാക്തീകരണത്തിനായി ₹57,99,000/- രൂപ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് ധന സഹായം അനുവദിച്ചു. കേന്ദ്ര സഹായത്തോടെ 'അപതാ മിത്ര' എന്ന പ്രോജക്റ്റ് കേരള സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഈ പ്രോജക്റ്റ് ഉപയോഗിച്ച് കോട്ടയം ജില്ലയിൽ ഒരു സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണസേന രൂപികരിക്കുവാനായി ₹22 ലക്ഷം രൂപ അനുവദിച്ചു. സംസ്ഥാന-ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികൾ കൂടാതെ, Village തല പദ്ധതികളും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായത്തോടെ വിവിധ ജില്ലകളിൽ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ